**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .**1405** 31-10-2019 -ൽ മറുപടിക്ക്

## പ്രളയകാലത്ത് നാശനഷ്ടം സംഭവിച്ചവർക്ക് നഷ്ടപരിഹാരം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. വി.ഡി.സതീശൻ**<br>**ശ്രീ. ഐ.സി.ബാലകൃഷ്ണൻ**<br>**ശ്രീ. അൻവർ സാദത്ത്**<br>**ശ്രീ. എ.പി. അനിൽ കുമാർ** | | **ഇ.ചന്ദ്രശേഖരൻ**<br>**(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | 2019 ലെ തീവ്രമഴയിൽ ദുരിതം നേരിട്ടവർക്ക് ദുരിതാശ്വാസ പ്രവർത്തനങ്ങൾ സമയബന്ധിതമായി എത്തിക്കുന്നതിന് സാധിച്ചിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ ദുരിതാശ്വാസ പ്രവർത്തനങ്ങളാണ് ഇതുവരെ നടപ്പിലാക്കിയത്; അറിയിക്കാമോ; | എ) | 2019 ഓഗസ്റ്റ് മാസത്തിലെ മഴക്കെടുതിയിൽ 97409 കുടുംബങ്ങളെയാണ് ദുരിതാശ്വാസ ക്യാമ്പിലേക്ക് മാറ്റിയിരുന്നതായി ലഭിച്ച കണക്ക്. 2019 ലെ പ്രളയത്തിൽ ക്യാമ്പിൽ താമസിച്ച കുടുംബങ്ങൾ, ആലപ്പുഴയിലെ ഗ്രുവൽ സെന്ററിൽ എത്തിയവരായ കുടുംബങ്ങൾ എന്നിങ്ങനെ 1,21,991 കുടുംബങ്ങൾക്ക് 10,000 രൂപയുടെ ധനസഹായമാണ് നൽകിയിട്ടുള്ളത്. ഇപ്രകാരം 121.991 കോടി രൂപയാണ് ഇതുവരെ വിതരണം ചെയ്തിട്ടുള്ളത്. പൂർണ്ണമായും ഭാഗികമായും തകർന്ന വീടുകളുടെ അപേക്ഷ പരിശോധിച്ച് ആയതിന്റെ നാശനഷ്ടം തിട്ടപ്പെടുത്തി മൊബൈൽ ആപ്ലിക്കേഷൻ മുഖാന്തിരം സമർപ്പിക്കുവാനും അപ്രകാരം ലഭിക്കുന്ന അപേക്ഷകളിന്മേൽ ധനസഹായം അനുവദിക്കുന്ന നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. ദുരിതമനുഭവിച്ചവരുടെ വീടുകളും, കിണറുകളും പൂർണ്ണ സ്ഥിതിയിലാക്കുന്നതിന് സർക്കാർ സന്നദ്ധ സംഘടനകളുടെ നേതൃത്വത്തിൽ നടപടി സ്വീകരിച്ച് 2,13,701 വീടുകൾ വൃത്തിയാക്കിയതായി തദ്ദേശ വകുപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. |
| ബി) | പ്രസ്തുത തീവ്രമഴയിൽ വീടുകൾ പൂർണ്ണമായും നഷ്ടപ്പെടുകയും കേടുപാടുകൾ സംഭവിക്കുകയും ചെയ്തവർക്ക് എന്തൊക്കെ ആശ്വാസനടപടികളാണ് നൽകിയത്; വ്യക്തമാക്കാമോ; | ബി) | സംസ്ഥാന സർക്കാർ ദുരന്തത്തിൽ തകർന്നുപോയ വീടുകളുടെ പുനർനിർമ്മാണത്തിനുള്ള Minimum Relief code നിർണ്ണയിച്ചിട്ടുണ്ട്. പൂർണ്ണമായി തകർന്നതോ 75% അധികം തകർച്ച നേരിടുകയും വാസയോഗ്യമല്ലാതാകുകയും ചെയ്ത വീടുകളുടെ പുനർനിർമ്മാണത്തിന് 4 ലക്ഷം രൂപ എന്ന് നിജപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാർ മലയോര മേഖലയിൽ 1,01,900 രൂപയാണ് (സമതലത്തിൽ 95100 രൂപ) ഇതിനായി അനുവദിച്ചിട്ടുള്ളത്. ആകെ നൽകുന്ന 4 ലക്ഷത്തിൽ ബാക്കിയുള്ള തുക |

| | | | |
|---|---|---|---|
| | | | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നാണ് നൽകുന്നത്. Minimum Relief Code അനുസരിച്ച് സംസ്ഥാനത്തെ ദുരന്തങ്ങളിൽ തകരുന്ന വീടുകൾക്ക് നേരിട്ടിട്ടുള്ള നാശനഷ്ടത്തിന്റെ തോതനുസരിച്ച് കുറഞ്ഞത് 15%, 16-29%, 30-59%, 60-74%, 75%ത്തിനു മേലെ എന്നിങ്ങനെ അഞ്ചു വിഭാഗമായി തിരിച്ച് ഓരോ വിഭാഗത്തിലും ധനസഹായനിരക്കുകൾ യഥാക്രമം 10,000 രൂപ, 60,000 രൂപ, 1,25,000 രൂപ, 2,50,000 രൂപ, 4,00,000 രൂപ എന്നിങ്ങനെയാണ് നിശ്ചയിച്ചിട്ടുള്ളത്.<br>പൂർണ്ണമായും സ്ഥലം ഒഴുകി പോയവർക്ക് സ്വന്തമായി കേരളത്തിൽ സ്ഥലം ഇല്ലെങ്കിലോ നിലവിലെ സ്ഥലം വീട്ടു നിർമ്മാണത്തിന് അനുയോജ്യം അല്ലെങ്കിലോ സ്ഥലം വാങ്ങുന്നതിനായി 6 ലക്ഷം രൂപയോ, പ്രമാണത്തിൽ ഉള്ള തുകയോ, ഏതാണോ കുറവ് ആ തുക അനുവദിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. നിലവിൽ തകർന്ന വീടുകളുടെ കണക്കെടുപ്പ് നടത്തി വരുന്നു. |
| സി) | ഈ ദുരന്തത്തിൽ മരണമടഞ്ഞവരുടെ ആശ്രിതർക്ക് നഷ്ടപരിഹാരത്തുക പൂർണ്ണമായും നൽകുവാൻ കഴിഞ്ഞിട്ടുണ്ടോ; | സി) | 2019 ൽ മരണപ്പെട്ട 104 വ്യക്തികളുടെ കുടുംബങ്ങൾക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും അനുവദനീയമായ ദുരിതാശ്വാസ സഹായം അനുവദിക്കുന്നതിന് ജില്ലാകളക്ടർമാർക്ക് നിർദ്ദേശം നൽകി. |
| ഡി) | 2018 -ലെ മഹാപ്രളയത്തിൽ അതിഭീമമായ നഷ്ടം സംഭവിച്ച പലർക്കും അർഹമായ നഷ്ടപരിഹാരം ഇനിയും ലഭ്യമായിട്ടില്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഡി) | ദുരന്ത പ്രതികരണ നിധിയുടെ കേന്ദ്ര മാനദണ്ഡ പ്രകാരം അംഗീകൃത പ്രകൃതി ദുരന്തങ്ങളിൽ യഥാർത്ഥ നഷ്ടത്തിന് ആനുപാതികമായ നഷ്ടപരിഹാരം നൽകുന്നതിന് വ്യവസ്ഥയില്ല. അനുവദനീയമായ അളവിലുള്ള ദുരിതാശ്വാസം (Relief Assistance) നൽകുന്നതിന് മാത്രമാണ് വ്യവസ്ഥയുള്ളത്. അത്തരത്തിൽ ദുരിതാശ്വാസം ലഭിക്കുന്നതിന് അർഹതയുള്ളവർ ആരെങ്കിലും ഒഴിവാക്കപ്പെട്ടതായി പരാതിയുള്ള പക്ഷം അവർക്ക് ക്ലൈമും, അപ്പീലും സമർപ്പിക്കുന്നതിന് അവസരം നൽകിയിട്ടുണ്ട്. 15% മുതൽ 100% വരെ തകർച്ച നേരിട്ടതായ 4,28,512 കുടുംബങ്ങൾ ക്ലൈമും, അപ്പീലും സമർപ്പിച്ചിരുന്നു. ഇവയിൽ 4,12,853 കുടുംബങ്ങൾക്ക് ദുരിതാശ്വാസ സഹായം നല്കി തീർപ്പാക്കി. |
| ഇ) | ഇതുസംബന്ധിച്ച് എന്തൊക്കെ കോടതി ഇടപെടലുകളാണ് ഉണ്ടായിട്ടുള്ളത്; ഇവർക്ക് | ഇ) | നാശ നഷ്ട തോത് അംഗീകരിച്ച ചില വീടുകൾക്ക് ധന സഹായം ലഭിച്ചില്ല എന്ന പരാതിയിന്മേൽ സമർപ്പിക്കപ്പെട്ട കോടതി വ്യവഹാരങ്ങളിലാണ് |

| | | | |
|---|---|---|---|
| | അടിയന്തരമായി നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | | കോടതി 15 ദിവസത്തിനുള്ളിൽ തുക നല്കണം എന്ന് നിർദേശിച്ചത്. ഈ താമസം നടപടി ക്രമത്തിലെ താമസം മാത്രമാണെന്നും. 15% മുതൽ 100% വരെ തകർച്ച നേരിട്ട വീടുകളിൽ 4,28,512 കുടുംബങ്ങൾ ക്ലെയിമും, അപ്പീലും സമർപ്പിച്ചിരുന്നതായും ഇവയിൽ 4,12,853 കുടുംബങ്ങൾക്ക് ദുരിതാശ്വാസ സഹായം നല്കി തീർപ്പാക്കിയെന്നും ബഹു:കോടതിയെ അറിയിക്കുവാൻ അഡ്വക്കേറ്റ് ജനറലിന് അറിയിപ്പ് നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ